# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*


No.190/PR/PIC/PHQ/18 Date : 01.08.2018

**റെയിൽവേ പോലീസ് സംവിധാനം ശക്തിപ്പെടുത്തുന്നതിനുള്ള ശുപാർശ സർക്കാരിനു സമർപ്പിച്ചു**

സുരക്ഷ കൂടുതൽ ശക്തമാക്കുന്നതിനും ട്രെയിനുകളിലൂടെയുള്ള മയക്കുമരുന്നുകടത്തും മറ്റു പ്രശ്നങ്ങളും ഫലപ്രദമായി തടയുന്നതിനുമായി ഒരു എസ്.പി.യുടെ കീഴിൽ റെയിൽവേ പോലീസ് ഇന്റലിജൻസ് ആന്റ് ഓപ്പറേഷൻസ് വിഭാഗം ആരംഭിക്കണമെന്ന് സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹറ സർക്കാരിന് ശുപാർശ സമർപ്പിച്ചു. ഇതോടൊപ്പം നിലവിലുള്ള റെയിൽവേ എസ്.പി. തസ്തിക ഐ. ജി. തസ്തികയായി ഉയർത്തണമെന്നും സർക്കാരിനോട് അഭ്യർഥിച്ചിട്ടുണ്ട്.

റെയിൽവേ പ്രൊട്ടക്ഷൻ സേനയും (ആർ.പി.എഫ്.) കേരള പോലീസിന്റെ ഭാഗമായുള്ള ഗവൺമെന്റ് റെയിൽവേ പോലീസുമാണ് കേരളത്തിലെ റെയിൽവേ സുരക്ഷ കൈകാര്യം ചെയ്യുന്നത്. യാത്രക്കാരുടെ സുരക്ഷ, സ്റ്റേഷനുകളിലെ ക്രമസമാധാനപാലനം എന്നിവയാണ് കേരള റെയിൽവേ പോലീസിന്റെ മുഖ്യചുമതലകൾ. ഇന്റലിജൻസ് എ. ഡി. ജി. പി. യുടെ മേൽനോട്ടത്തിൽ റെയിൽവേ എസ്.പി.യാണ് ഇപ്പോൾ ഈ വിഭാഗത്തിന്റെ ചുമതല വഹിക്കുന്നത്. രണ്ട് റെയിൽവേ സബ് ഡിവിഷനുകളിലായി നാല് സർക്കിളും 13 റെയിൽവേ പോലീസ് സ്റ്റേഷനുകളുമായാണ് റെയിൽവേ പോലീസിന്റെ പ്രവർത്തനം. 1027 കിലോമീറ്റർ ദൂരം കേരള റെയിൽവേ പോലീസിന്റെ അധികാര പരിധിയിൽ വരുന്നു. ദിവസേന 280-ലേറെ ട്രെയിനുകളിലായി ഏകദേശം അഞ്ച് ലക്ഷം യാത്രക്കാർ ദിവസേന റെയിൽവേ പോലീസിന്റെ സേവനം പ്രയോജനപ്പെടുത്തുന്നു.

സ്ത്രീകളുൾപ്പെടെയുള്ള ട്രെയിൻ യാത്രക്കാർക്ക് സുരക്ഷിതത്വം ഒരുക്കുന്നതോടൊപ്പം സമീപകാലത്തായി വർധിച്ചുവരുന്ന തീവ്രവാദഭീഷണികൾ, ബോംബ് ഭീഷണി, കള്ളക്കടത്ത്, ലഹരിമാഫിയാ സംഘങ്ങളുടെ പ്രവർത്തനങ്ങൾ, റെയിൽവേ പരിസരത്തുണ്ടാകുന്ന മോഷണങ്ങൾ, മറ്റ് ക്രമസമാധാന പ്രശ്നങ്ങൾ തുടങ്ങിയവ നേരിടുന്നതിനും റെയിൽവേ പോലീസ് സംവിധാനം കൂടുതൽ ശക്തിപ്പെടുത്തേണ്ടതുണ്ടെന്നതിനാൽ പുതിയ തസ്തികകൾ അനിവാര്യമാണെന്ന് സംസ്ഥാന പോലീസ് മേധാവി ചൂണ്ടിക്കാട്ടി. മാവോയിസ്റ്റ് സാന്നിദ്ധ്യമേഖലകളിൽ നിന്നുള്ള ഭീഷണികളുടെയും അട്ടിമറി

ശ്രമങ്ങളുടെയും പശ്ചാത്തലത്തിൽ റെയിൽവേ രഹസ്യാന്വേഷണ വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തേണ്ടതുണ്ടെന്നും കത്തിൽ ചൂണ്ടിക്കാട്ടുന്നു.

റെയിൽവേയ്ക്കായി പ്രത്യേക ഡോഗ് സ്ക്വാഡ് ആരംഭിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ടെന്നും സംസ്ഥാന പോലീസ് മേധാവി പറഞ്ഞു. ഇതോടൊപ്പം റെയിൽവേ പോലീസ് കൺട്രോൾ റൂമിന്റെ ആധുനികീകരണം, റെയിൽവേ പോലീസ് സ്റ്റേഷനുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ തുടങ്ങിയ പ്രവർത്തനങ്ങളും നടന്നുവരുന്നുണ്ടെന്ന് റെയിൽവേ എസ്.പി. മെറിൻ ജോസഫ് പറഞ്ഞു.